കാർ പാർക്കിംഗ് സെന്ററുകൾ, കൺവെൻഷൻ സെന്ററുകൾ, മൊബിലിറ്റി ഹബ്ബുകൾ, ആധുനിക സ്ലോട്ടർ ഹൗസുകൾ തുടങ്ങിയവയാണ് പാർട്ട്നർ കേരള മിഷൻ മുഖേന നടപ്പിലാക്കുന്നത്.

(ബി) അതെ.

(സി) പി.പി.പി. പദ്ധതികൾക്കായി സ്വകാര്യ പങ്കാളിക്ക് നഗരസഭ വികസന അവകാശം നൽകുമ്പോൾ പി.പി.പി. ഡെവലപ്പർ താഴെപ്പറയുന്ന രീതിയിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ ബാധ്യസ്ഥനാണ്.

1. പദ്ധതിക്കായി അനുവദിക്കുന്ന ഭൂമിയുടെ, സർക്കാർ പ്രസിദ്ധീകരിച്ച ഫെയർ വാല്യുവിന്റെ 2 ശതമാനം പദ്ധതി നിർമ്മാണ കാലയളവിൽ വാർഷിക കൺസഷൻ ഫീസായി നഗരസഭകൾക്ക് നൽകണം.

2. വാർഷിക കൺസഷൻ ഫീസ് വർഷാവസാനം നാണയപ്പെരുപ്പത്തിന്റെ 60 ശതമാനം ന്യൂടലൈസേഷൻ കൂട്ടിച്ചേർത്ത് പരിഷ്കരിച്ച നൽകണം.

3. വികസനാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയിൽ ഡെവലപ്പർക്ക് ഉപയോഗിക്കാനുതകുത്തക്ക സ്ഥാവര വസ്തുക്കൾ ഉണ്ടെങ്കിൽ നിശ്ചയിക്കപ്പെടുന്ന വില നഗരസഭകൾക്ക് നൽകണം.

4. അനുവദിച്ച നൽകുന്ന പദ്ധതിയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പബ്ലിക് സർവ്വീസ് കംപോണന്റ് ഉണ്ടായിരിക്കണം.

5. കൂടാതെ വികസനത്തിനായി ലഭ്യമാക്കുന്ന ഭൂമിയിൽ വികസിപ്പിച്ചെടുക്കുന്ന പി.പി.പി. പദ്ധതിയുടെ വരുമാനത്തിന്റെ വിഹിതം (ടെണ്ടറിലൂടെ നിശ്ചയിക്കപ്പെട്ട) നഗരസഭകൾക്ക് നൽകണം.

(ഡി) ഇല്ല.

നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

15 (*135) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് എത്രത്തോളം തൃപ്തികരമാണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിന് സാമ്പത്തിക പ്രതിസന്ധി ബാധിച്ചിട്ടുണ്ടോ ;

(സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കൊണ്ടു വന്ന പരിഷ്കാരങ്ങളും നടപടികളും എന്തൊക്കെയാണെന്നറിയിക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പ് ഫലപ്രാപ്തിയിലെത്തിക്കാൻ ഇവ സഹായകര മായില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് പുരോഗമിച്ചുവരുന്നു. സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദം പൂർത്തിയാകുന്നതോടുകൂടിയേ പദ്ധതി നിർവ്വഹണ പുരോഗതി കൂടുതൽ വ്യക്തമാകുകയുള്ളൂ.

(ബി) ഇല്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാധ്യതയുള്ള വരുമാനത്തിൽനിന്നുകൊണ്ടും പ്രഖ്യാപിത പദ്ധതികൾ നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും വിവിധ വകുപ്പുകൾ പദ്ധതി തുക ചെലവഴിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. അതിൻപ്രകാരം ആദ്യപാദത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനവും, രണ്ടാം പാദത്തിൽ 20 ശതമാനവും, മൂന്നാം പാദത്തിൽ 30 ശതമാനവും, നാലാം പാദത്തിൽ 40 ശതമാനവും പദ്ധതി തുക ചെലവഴിക്കണം. ഇപ്രകാരം ചെലവഴി ക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് 'പ്ലാൻ സ്പേസ്' സംവിധാനം ശക്തി പ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി എന്നിവരെ അറിയിക്കുന്നതിന് ആസൂത്രണ ബോർഡിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പുതിയ പദ്ധതികൾക്കും ജൂൺ മാസം 30-ന് മുമ്പായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഭരണാനുമതി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മാത്രമേ ഇത് വിലയിരുത്താൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly